തീയതി : 10.03.2012

## പത്രക്കുറിപ്പ്

# ഐ.ടി ഉപകരണങ്ങൾക്ക് പ്രൈമറി സ്കൂളുകൾ അപേക്ഷ നൽകണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് പ്രൈമറി സ്കൂളുകളിലേയ്ക്ക് ഐ.ടി ഉപകരണങ്ങൾ ലഭിക്കാനായി സർക്കാർ എൽ.പി-യു.പി സ്കൂളുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അപേക്ഷ നൽകണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എ. ഷാജഹാൻ അറിയിച്ചു. ബന്ധപ്പെട്ട എ.ഇ.ഒ.യുടെ മേൽക്കത്തോടെ അപേക്ഷകൾ മാർച്ച് 13-ന മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം. സർക്കാർ യു.പി സ്കൂളുകൾക്ക് പരമാവധി 1.85 ലക്ഷം രൂപയും എൽ.പി. സ്കൂളുകൾക്ക് 1.35 ലക്ഷം രൂപയും ഈ വർഷം പദ്ധതി വിഹിതത്തിൽ നിന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2012 ഫെബ്രുവരി 15-ലെ മാർഗനിർദേശങ്ങൾക്കനുസൃതമായി ചെലവഴിക്കാനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു യു.പി. സ്കൂളിന് ആറു കമ്പ്യൂട്ടറുകൾ (ലാപ് ടോപ്), ഒരു മൾട്ടിമീഡിയ പ്രോജക്ടർ, ഒരു മൾട്ടിഫംഗ്ഷൻ പ്രിന്റർ എന്ന രൂപത്തിലും എൽ.പി. സ്കൂളുകൾക്ക് നാലു കമ്പ്യൂട്ടർ (ലാപ് ടോപ്), ഒരു മൾട്ടിമീഡിയ പ്രോജക്ടർ, ഒരു മൾട്ടിഫംഗ്ഷൻ പ്രിന്റർ എന്ന രൂപത്തിലും ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അപേക്ഷ നൽകാവുന്നതാണ്. എ.ഇ.ഒ.മാർ ഇതിന്റെ വിശദാംശങ്ങൾ മാർച്ച് 15-ന മുമ്പ് നൽകണം. ബന്ധപ്പെട്ട ഉത്തരവുകളും മാർഗനിർദേശങ്ങളും **www.education.kerala.gov.in** സൈറ്റിലെ ICT Procrument വിഭാഗത്തിൽ ലഭ്യമാണ്.

**കെ. അൻവർ സാദത്ത്**
എക്സിക്യൂട്ടീവ് ഡയറക്ടർ
ഐടി@സ്കൂൾ പ്രോജക്ട്
9447011881